# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 376 — 27.02.2017 — ൽ മറുപടിക്ക്

### റേഷൻ കടകളിൽ ഇലക്ട്രോണിക് ത്രാസും ബയോമെട്രിക് സംവിധാനവും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. രാജൻ: | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് ത്രാസ് ഉപയോഗിക്കുവാനുള്ള നിർദ്ദേശം നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) വൈദ്യുതി ലഭ്യമല്ലാത്തതിനാൽ കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിലെ റോസ്മലയിലെ എ.ആർ.ഡി. 123, ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ഇടമലക്കുടിയിലുള്ള എ.ആർ.ഡി. 125, 148 കുറത്തി കുടിയിലുള്ള എ.ആർ.ഡി. 131 എന്നീ റേഷൻ കടകളിൽ ഇലക്ട്രോണിക് ത്രാസ് സ്ഥാപിച്ചിട്ടില്ല. ഇവ ഒഴികെയുള്ള സംസ്ഥാനത്തെ മറ്റ് എല്ലാ റേഷൻ കടകളിലും ഇലക്ട്രോണിക് ത്രാസാണ് ഉപയോഗി ക്കുന്നത്. |
| (ബി) ബയോമെട്രിക് സംവിധാനം എല്ലാ റേഷൻ കടകളിലും നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) സംസ്ഥാനത്തെ മുഴുവൻ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ